# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5767
### 25-05-2017 ൽ മറുപടിക്ക്

**ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ കടലാക്രമണം തടയുന്നതിനുള്ള കിഫ്ബി പ്രോജക്ടുകൾ**

| ചോദ്യം<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ കടലാക്രമണം തടയുന്നതിനായി എത്ര രൂപയുടെ പ്രോജക്ടുകളാണ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചത്; | കടലാക്രമണം തടയുന്നതിനായി ആറാട്ടുപുഴ പഞ്ചായത്തിൽ Construction of 21 Nos. Groyne field at Arattupuzha in between Chainage 56.600 to 57.200 KM at Arattupuzha Grama Panchayat in Harippad Constituency, Construction of Groyne field for shore protection for the coast of Arattupuzha from ch. 55.200Km to ch. 56.600 Km 12 Nos. of Groyes in Alappuzha District എന്നീ പദ്ധതികൾക്ക് 40.20 കോടി രൂപയുടെയും, തൃക്കുന്നപ്പുഴ പഞ്ചായത്തിൽ construction of 13 Nos. Groyne field at Pathiankara in between chainage 60.100 to 61.600 km at Trikkunnapuzha Gramapanchayat in Harippad Constituency in Alappuzha District എന്നീ പദ്ധതികൾക്കായി 14.95 കോടി രൂപയുടെയും പദ്ധതി നിർദ്ദേശങ്ങളാണ് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി) മുഖേന നടപ്പിലാക്കുന്നതിനായി കിഫ് ബോർഡിന്റെ പരിഗണനയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ടി പദ്ധതി നിർദ്ദേശങ്ങൾ നിർദ്ദിഷ്ട മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് സമർപ്പിച്ചിട്ടുള്ളത്. |
| (ബി) ഇതിൽ എത്ര പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയെന്ന് വിശദമാക്കുമോ? | കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കിഫ് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി |

| | |
|---|---|
| (സി) ഒരു പ്രോജക്ടിനും അംഗീകാരം നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | 08.08.2016 ലെ സ.ഉ. (കൈ) നം. 315/16/ധന ഉത്തരവു പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് പദ്ധതി വിശദാംശങ്ങൾ കിഫ്ബിയിൽ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ കടലാക്രമണം തടയുന്നതിനായി കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ച് കിഫ്ബിക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കെ.ഐ.ഐ.ഡി.സി. സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്മേലുള്ള കിഫ്ബിയുടെ പരിശോധനയിൽ ധാരാളം ന്യൂനതകൾ കണ്ടെത്തിയതിനെ തുടർന്ന് അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജലസേചന വകുപ്പു സെക്രട്ടറിക്കും കെ.ഐ.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർക്കും നൽകിയിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പുതുക്കിയ വിശദമായ പദ്ധതി റിപ്പോർട്ട്, ഭരണാനുമതി, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവ സഹിതം പുന:സമർപ്പിക്കുന്ന മുറയ്ക്ക് കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**